**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2304** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ചട്ട വിരുദ്ധമായ ജോലി ക്രമീകരണ വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ഉത്തരവുകൾ അനുസരിച്ച് ജോലി ക്രമീകരണ(വർക്കിംഗ് അറേഞ്ച്മെന്റ് ) വ്യവസ്ഥയിൽ ജീവനക്കാരെ വിവിധ ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നത് നിരോധിച്ച് ഉത്തരവുകൾ ഉള്ളപ്പോൾ തദ്ദേശ സ്വയം ഭരണം വകുപ്പിൽ ഏതൊക്കെ ഓഫീസിൽ ആരെയൊക്കെയാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (എ) | അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഇവർ എത്ര വർഷമായി പ്രസ്തുത ഓഫീസുകളിൽ തുടരുന്നുവെന്നും ഇവരുടെ നിയമന ഉദ്ദേശം എന്തെന്നും വ്യക്തമാക്കുമോ; ഇവർ ഈ കാലയളവിൽ ചെയ്തിട്ടുള്ള ജോലികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഇതിൽ സർക്കാർ ഉത്തരവിലൂടെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ; നിയമന ഉത്തരവിന്റെ പകർപ്പ് നൽകുമോ; | (സി) | അനുബന്ധം (a) & (b)ആയി ചേർക്കുന്നു. |
| (ഡി) | സർക്കാർ ഉത്തരവില്ലാതെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്നറിയിക്കുമോ; എന്ന് വരെയാണ് ഇവരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നിയമന ഉത്തരവിന്റെ പകർപ്പ് നൽകുമോ; | (ഡി) | അനുബന്ധം (c) &(d)ആയി ചേർക്കുന്നു. |
| (ഇ) | ചട്ട വിരുദ്ധമായ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം പുന:പരിശോധിക്കുന്നതിനും ഭാവിയിൽ ഇത്തരം നിയമനം ഉണ്ടാകാതെയിരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) | വളരെ അടിയന്തിര പ്രാധാന്യമുള്ള സാഹചര്യത്തിലാണ് **വർക്കിംഗ് അറേഞ്ച്മെന്റ്** നിയമനങ്ങൾ നടത്തിയിട്ടുള്ളത് എന്നും, അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകുന്നതല്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ